**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5321** **12-08-2021 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയുടെ രണ്ടാം പുനസംഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ മേഖലയുടെ രണ്ടാം പുനസംഘടനയുടെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിച്ച കാര്യങ്ങൾ എന്തൊക്കെയാണ്; അത് പൂർണ്ണമായും നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (എ) | ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും, കൂലിയും സംരക്ഷിച്ച് സംപൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് കയർ രണ്ടാം പുനസംഘടനയുടെ പ്രധാന ഘടകങ്ങൾ. യന്ത്രവൽക്കരണവും ആധുനികവത്ക്കരണവും നടപ്പാക്കുന്നതോടൊപ്പം പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുനഃസംഘടന ഇതുവഴി കൈവരിക്കാനാകും എന്ന് കരുതുന്നു. ഈ ലക്ഷ്യത്തിനായി എൻ.സി.ഡി.സി വഴി 200 കോടി രൂപയുടെ പദ്ധതി കയർ മേഖലയ്ക്ക് ലഭ്യമാക്കി. ആയതിൽ 110 കോടിയുടെ പദ്ധതി ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ഇതിനോടകം തന്നെ 8000 മുതൽ 1,00,000 തൊണ്ട് വരെ പ്രതിദിനം ചകിരിയാക്കാൻ കഴിയുന്ന 124 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. 2015-16 ൽ കേവലം 2.5% ൽ താഴെമാത്രം ചകിരി ഉല്പാദനം ഉണ്ടായിരുന്ന സ്ഥാനത്ത് 2020-21 ൽ 32% ചകിരി ഉല്പാദനം കേരളം കൈവരിച്ചു. തൊണ്ടിന്റെ ഉപയോഗം 5% ൽ നിന്നും 18% ആയി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. 2015-16 ൽ 50 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ ഉണ്ടായിരുന്ന സ്ഥാനത്ത്, കയർ രണ്ടാം പുന:സംഘടനയുടെ ഭാഗമായി 100 കയർ സഹകരണ സംഘങ്ങളിൽ 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ ഇതിനോടകം സ്ഥാപിച്ചുകഴിഞ്ഞു. ഇവ സ്ഥാപിച്ച സംഘങ്ങളിലെ |

തൊഴിലാളികളുടെ പ്രതിദിന വേതനം കയറിന്റെ ത്ധക്കവും റണ്ണേജും കണക്കിലെടുത്ത് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പരമാവധി 500 രൂപ വരെ സർക്കാർ സഹായമില്ലാതെ തൊഴിലാളിക്ക് ഇത്തരം സംഘങ്ങളിൽ ലഭിക്കുന്നുണ്ട്. 2015-16 കാലയളവിൽ ഒരു തൊഴിലാളിയുടെ ശരാശരി വാർഷിക വരുമാനം 13500/- രൂപയായിരുന്നത് 2020-21 ൽ കയർ ഉത്പാദനം വർദ്ധിച്ചതോതിൽ നടക്കുന്ന പ്രോജക്ടുകളിൽ 49,000/- രൂപയിലേയ്ക്ക് ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. 2015-16 ൽ 6000 മുതൽ 8000 ടൺ ആയിരുന്ന കയർ ഉത്പാദനം 2016-17 ൽ തന്നെ 10000 ടൺ ഉല്പാദനം കൈവരിച്ച കയർപിരി രംഗം 2020-21 ൽ 25000 ടൺ ആയി ഉയർത്താൻ സാധിച്ചിട്ടുണ്ട്. 2015-16 ൽ ഇലക്ട്രോണിക് റാട്ടുകളുടെ എണ്ണം 8000 ആയിരുന്നത് 2020-21 ൽ 29,500 ആയി ഉയർന്നു. പരമ്പരാഗത കയർപിരി മേഖലയിലെ തൊഴിലാളികളുടെ പ്രതിദിന കൂലിയായിരുന്ന 300/- രൂപയുടെ ഒരു ഭാഗം പരമാവധി 110/-രൂപ സർക്കാർ വിഹിതമായി നൽകി വരുന്ന പദ്ധതിയാണ് വരുമാനം ഉറപ്പാക്കൽ പദ്ധതി. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ശരാശരി 12.5 കോടി രൂപ 2015-16 വരെ പ്രതിവർഷം നൽകിയപ്പോൾ 2016-17 മുതൽ വർദ്ധിപ്പിച്ച് 2020-21 ൽ 24 കോടിയിൽ എത്തി. ഈ കാലയളവിൽ കയർപിരി മേഖലയിലെ തൊഴിലാളികളുടെ കൂലി വർദ്ധനവ് നടപ്പാക്കാനായി പരമ്പരാഗത ഇലക്ട്രോണിക് റാട്ടുകളിൽ 300 ൽ നിന്നും 350 ആയും ഓട്ടോമാറ്റിക് സ്പിന്നിംഗ് രംഗത്ത് 500/- രൂപയായും നിശ്ചയിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഉൽപ്പാദിപ്പിച്ച കയറിന് വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ് മായി ചേർന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മണ്ണ് ജല സംരക്ഷണ പദ്ധതിയ്ക്കും, റോഡ് നിർമ്മാണത്തിനും കയർഭൂവസ്ത്ര പദ്ധതി നടപ്പിലാക്കി വരുന്നു. 2011-12 മുതൽ 2015-16 വരെ 58 കോടി രൂപയുടെ കയർ ഭൂവസ്ത്രം വിറ്റഴിച്ചപ്പോൾ 2016-17 മുതൽ 2020-21 വരെ 82 കോടി രൂപയുടെ ഭൂവസ്ത്രത്തിന് വിപണി ലഭിച്ചു. 42% വർദ്ധനവ് കയർ ഭൂവസ്ത്ര രംഗത്ത് കൈവരിച്ചിട്ടുണ്ട്. കൂടാതെ എംജിഎൻആർഇജിഎസ്-ൽ 120 കോടി രൂപയുടെ ഭൂവസ്ത്ര പദ്ധതിയ്ക്ക് എം.ഒ.യു ഒപ്പിട്ടിട്ടുണ്ട്. കയർ ഉല്പന്ന മേഖലയെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കാൻ ആരംഭിച്ച പർച്ചേസ് പ്രൈസ് സ്റ്റബിലൈസേഷൻ പദ്ധതി പ്രകാരം 2015-16 വരെ പിന്നിട്ട 5 വർഷം കൊണ്ട് 399 കോടി രൂപയുടെ ഉല്പന്നങ്ങൾ കയർ കോർപ്പറേഷൻ വഴി സംഭരിച്ച സ്ഥാനത്ത് 2016-17

| | | | |
|---|---|---|---|
| | | | മുതൽ 2020-21 വരെ 732 കോടി രൂപയുടെ ഉല്പന്ന സംഭരണം നടത്തുന്നതിന് കഴിഞ്ഞു. ഈ പദ്ധതിയിൽ 83% വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2016 ൽ 50 പൈസ കിലോയ്ക്ക് ലഭിച്ചിരുന്ന കയർപിത്തിന് ഇന്ന് 4.00 രൂപ വില ലഭിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇത് കയർ രണ്ടാം പുനസംഘടനയുടെ എടുത്തു പറയേണ്ട ഒരു നേട്ടമാണ്.<br>ഇതോടൊപ്പംതന്നെ രണ്ടാംപുനസംഘടനയുടെ ഭാഗമായി കേരള സർക്കാരിന്റെ കയർവകുപ്പ് നെതർലൻറ്സിലെ വാഗ്നിംഗൻ സർവകലാശാലയുമായി കയർ കോംപോസിറ്റ്സ് ബോർഡ് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഒരു പദ്ധതിയ്ക്ക് എം ഒ യു ഒപ്പുവച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ മൊത്തംചെലവ് 100 കോടിരൂപയാണ്. |

സെക്ഷൻ ഓഫീസർ